

# ശാസ്ത്രഗതി

ജനുവരി 2007
വില : 10 രൂപ

പീഡനത്തിൽ നിന്ന്
സ്ത്രീകൾക്കു മോചനം
ലഭിക്കുമോ?
ആർ. രാധാകൃഷ്ണൻ



## ശാസ്ത്രം 2006

സി.വി. ചന്ദ്രൻ, ഡോ. ബി. ഇക്ബാൽ, പ്രൊഫ. എം. ശിവശങ്കരൻ







കർഷകർ എന്തുകൊണ്ട്
ആത്മഹത്യ ചെയ്യുന്നു?
ഡോ. പി. യാഗീൻ തോമസ്,
ഡോ. തോമസ് വർഗീസ്



11-ാം പദ്ധതിയും
ഉല്പാദനാധിഷ്ഠിത
വികസനവും
പ്രൊഫ. ടി.പി. കുഞ്ഞിക്കണ്ണൻ



പോളിയോ നിർമാർജന
പദ്ധതിയിലെ പുത്തൻ
പ്രശ്നങ്ങൾ
ഡോ. ആർ. ജയപ്രകാശ്



# കർഷകർ എന്തുകൊണ്ട് ആത്മഹത്യ ചെയ്യുന്നു?

## കേരളത്തിലെ മുഖ്യവിളകളുടെ വില നിലവാരത്തെക്കുറിച്ച് ഒരു പഠനം

**കൃഷി സംരക്ഷിക്കണമെന്നും കർഷകരെ ആദരിക്കണമെന്നും വെറുതെ പറഞ്ഞതുകൊണ്ട് ഒന്നുമാകുന്നില്ല. അവരുടെ വരുമാനം സമൂഹത്തിലെ സമാനവിഭാഗങ്ങളുടേതുമായി തുല്യമാക്കി അവർക്കു ജീവിതസുരക്ഷ ഉറപ്പാക്കിയാൽ മാത്രമേ കൃഷിയും കർഷകരും നിലനിൽക്കൂ. അതിന് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില കിട്ടണം. എന്താണ് ന്യായമായ വില? സമൂഹത്തിലെ മറ്റുവിഭാഗങ്ങളുടെ വരുമാനത്തിൽ, അതായത് ശമ്പളത്തിലും കൂലിയിലും ഉണ്ടായ വർദ്ധനവിനനുസരിച്ച് കാർഷിക ഉല്പന്നങ്ങളുടെ വിലയും കൂടേണ്ടതല്ലേ? അതു സംഭവിച്ചിട്ടുണ്ടോ എന്ന ഒരു പരിശോധനയുടെ ഫലങ്ങളാണ് ഈ പഠനത്തിൽ നടത്തിയിട്ടുള്ളത്.**

ഡോ. പി. യാഗീൻ തോമസ്

കേരളത്തിലെ താഴെപ്പറയുന്ന 9 മുഖ്യവിളകളുടെ വിലനിലവാരമാണ് ഈ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്:

(1) നാളികേരം (ഉല്പന്നങ്ങളായ കൊപ്രയും വെളിച്ചെണ്ണയും ഉൾപ്പെടെ) (2) നെല്ല് (3) കുരുമുളക് (4) അടയ്ക്ക (5) ഇഞ്ചി (6) ഏലം (7) റബ്ബർ (8) തേയില (9) കാപ്പി. 1983 അടിസ്ഥാനവർഷമായി എടുത്താണ് ആദ്യത്തെ ഏഴുവിളകളുടെ

വിലനിലവാരം കണക്കാക്കിയിട്ടുള്ളത്. തേയിലയ്ക്കും കാപ്പിയ്ക്കും 1995 മുതൽക്കുള്ള വിലകൾ മാത്രമേ ലഭ്യമായിരുന്നുള്ളു എന്നതുകൊണ്ട് 1995 ആണ് ആ വിളകളെ സംബന്ധിച്ച് അടിസ്ഥാന വർഷമായി എടുത്തത്.

സമൂഹത്തിലെ മറ്റുവിഭാഗങ്ങളുടെ ജീവിതനിലവാരത്തിൽ ഈ കാലയളവിലുണ്ടായ മാറ്റത്തിനനുസരിച്ച് കർഷകർക്കും ജീവിക്കണമെങ്കിൽ, മറ്റുള്ളവരുടെ വരുമാനത്തിലുണ്ടായ വർദ്ധനവിന്റെ തോതിൽ തന്നെ കർഷകരുടെ ഉല്പന്നങ്ങളുടെ വിലയിലും വർദ്ധനവുണ്ടാകണമല്ലോ. ഈ താരതമ്യത്തിനായി സംസ്ഥാനസർക്കാരിലെ ഉദ്യോഗസ്ഥർക്ക് ഈ കാലയളവിലുണ്ടായ ശമ്പളവർദ്ധനവാണ് ഈ പഠനത്തിൽ പരിശോധിച്ചത്. സംസ്ഥാനത്തെ സർവകലാശാലകളിലെ ഒരു രണ്ടാം ഗ്രേഡ് അസിസ്റ്റന്റിന് 1983 ൽ തുടക്കശമ്പളം 675 രൂപയായിരുന്നു. ഡി.എ. 123 രൂപയും; മൊത്തം 798 രൂപ. വീട്ടുവാടക അലവൻസ് മുതലായവയ്ക്ക് ഓരോ സ്ഥലമനുസരിച്ച് വ്യത്യാസം വരുമെന്നുള്ളതുകൊണ്ട് അവ കണക്കിലെടുത്തില്ല. 2005–ാമാണ്ടിൽ രണ്ടാം ഗ്രേഡ് അസിസ്റ്റന്റായി പുതുതായി ചേരുന്ന ഒരാൾക്ക് കിട്ടുന്ന മാസശമ്പളം 7990 രൂപയും ഡി.എ. 400 രൂപയുമാണ്; മൊത്തം 8390 രൂപ. 1983 അടിസ്ഥാന വർഷമായെടുത്താൽ (ശമ്പള സൂചിക) 2005 ൽ 1051 ശതമാനം അതായത് 10.51 ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. 2005 ജൂലൈയിൽ 15 ശതമമാ4നം ഡി. എ. വർദ്ധന കുടിശ്ശികയായിരുന്നു എന്നു കൂടി ഓർക്കേണ്ടതുണ്ട്. അതുകൂടി അനുവദിച്ചാൽ വർദ്ധന ഇതിലും കൂടുമെന്നർത്ഥം.

ഈ അന്വേഷകന്റെ വ്യക്തിപരമായ കുറിപ്പുകളിൽ നിന്ന് പറമ്പിൽ പണിചെയ്യുന്ന കർഷകത്തൊഴിലാളിയുടെ ദിവസക്കൂലി 1983 ൽ 20 രൂപ ആയിരുന്നത് 2005 ൽ 200 ആയി കൂടിയിട്ടുണ്ട് എന്നു കാണുന്നു. ഇവിടെയും 1000% വർദ്ധന ഈ കാലയളവിൽ ഉണ്ടായിരിക്കുന്നു. (അതും പത്തിരട്ടി വർദ്ധന). കേരളത്തിൽ മൊത്തം ഉണ്ടായിരിക്കുന്ന ശമ്പള/കൂലി വർദ്ധനവിന്റെ ഒരു സാമാന്യ പ്രതിഫലനമായി ഈ രണ്ടു സൂചകങ്ങളെ കണക്കാക്കാം.

ഇനി കേരളത്തിലെ മുഖ്യകാർഷിക വിളകളുടെ വിലയിൽ ഈ കാലയളവിലുണ്ടായ വർദ്ധന പരിശോധിക്കാം. ആദ്യം സൂചിപ്പിച്ച 9 വിളകളുടെ വിലയിൽ 1983 മുതൽ ഉണ്ടായ വർദ്ധന പട്ടിക 1 ൽ കാണിച്ചിരിക്കുന്നു. തേയിലയുടെയും കാപ്പിയുടെയും വിലകൾ മാത്രം 1995 മുതൽക്കേ കൊടുത്തിട്ടുള്ളൂ. ഈ പട്ടികയിൽ നിന്ന് ഒരു വിളയുടെയും വില ഈ കാലയളവിൽ 470%ത്തിലധികം ഉയർന്നിട്ടില്ല എന്നു കാണാം. മാത്രവുമല്ല ക്രമാനുഗതമായി വില കൂടുകയല്ല, അത് പ്രവചനാതീതമായി കയറുകയും ഇറങ്ങുകയുമാണ് ചെയ്യുന്നത് എന്നും കാണാം. ഉറപ്പായി ഒന്നും മുൻകൂട്ടിക്കാണാൻ വയ്യാത്ത ചിന്താക്കുഴപ്പത്തിലേക്ക് ഇത് കർഷകരെ തള്ളിവിടുന്നു. സ്വന്തം ഉല്പന്നത്തിന് ന്യായവില കിട്ടുമോ എന്ന ആശങ്കയിലാണ് അവർ, എപ്പോഴും.

നാളികേരത്തിന് 1983 നെ അപേക്ഷിച്ച് വിലസൂചിക 314% ആണ്. അതിന്റെ ഉല്പന്നങ്ങളായ കൊപ്രയ്ക്ക് 277% വും വെളിച്ചെണ്ണയ്ക്ക് 269% വും. അതിന്റെയർത്ഥം നാളികേരകർഷകന് 1983 ൽ ഉണ്ടായിരുന്ന താരതമ്യജീവിതഗുണനിലവാരം ഉറപ്പാക്കണമെങ്കിൽ,

**പട്ടിക**

**മുഖ്യകാർഷിക വിളകളുടെ വിലസൂചകങ്ങൾ - 1983 ൽ 100 എന്ന അടിസ്ഥാനത്തിൽ**

| വർഷം | ഉല്പന്നങ്ങൾ | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തേങ്ങ | കൊപ്ര | വെളിച്ചെണ്ണ | നെല്ല് | കുരുമുളക് | അടയ്ക്ക | ഇഞ്ചി | ഏലം | റബ്ബർ | തേയില | കാപ്പി |
| 1983 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | - | - |
| 1984 | 174.5 | 160.5 | 160.1 | 90.9 | 154.5 | 130.1 | 126.2 | 107.2 | 100.7 | - | - |
| 1985 | 93.9 | 95.4 | 96.3 | 88.6 | 262.7 | 208.4 | 66.1 | 59.9 | 99.0 | - | - |
| 1986 | 111.9 | 103.1 | 105.4 | 95.3 | 241.9 | 133.1 | 37.7 | 48.8 | 98.6 | - | - |
| 1987 | 150.5 | 144.4 | 145.1 | 98.8 | 380.6 | 127.8 | 63.3 | 48.4 | 104.5 | - | - |
| 1988 | 164.4 | 154.3 | 152.8 | 105.1 | 257.8 | 140.6 | 69.2 | 53.8 | 106.6 | - | - |
| 1989 | 128 | 117.1 | 118 | 117.7 | 307.4 | 174.7 | 86.3 | 67.7 | 121.4 | - | - |
| 1990 | 146.8 | 132.3 | 130.3 | 113 | 220.5 | 249.7 | 112.2 | 112.2 | 125.6 | - | - |
| 1991 | 196.4 | 196.9 | 198.5 | 128 | 237.5 | 436.7 | 103 | 93.9 | 120.7 | - | - |
| 1992 | 237.6 | 224.3 | 222.7 | 169.1 | 193.8 | 457.2 | 101.5 | 132.6 | 142 | - | - |
| 1993 | 217.2 | 194.2 | 193.1 | 159.8 | 225.1 | 374.9 | 107.3 | 185.7 | 147.4 | - | - |
| 1994 | 177.8 | 160.7 | 159.4 | 174.4 | 375.9 | 436.5 | 169.4 | 116.1 | 174.4 | - | - |
| 1995 | 187.8 | 171.9 | 170.2 | 210.2 | 520.1 | 472.1 | 260.2 | 88.9 | 287.1 | 100 | 100 |
| 1996 | 235 | 220.8 | 217.4 | 230.7 | 504.4 | 486.8 | 197 | 110.8 | 288.9 | 117.8 | 74.8 |
| 1997 | 284.8 | 262.3 | 257.9 | 239.8 | 1009.5 | 540 | 192.9 | 135.1 | 219.4 | 142.2 | 63.5 |
| 1998 | 241.3 | 221.8 | 217.2 | 237.8 | 1347 | 584.1 | 205.4 | 139.1 | 159.7 | 200 | 56.5 |
| 1999 | 298.4 | 268.2 | 266.1 | 276.4 | 1337.2 | 908.5 | 285.8 | 206.8 | 162.3 | 160 | 48.7 |
| 2000 | 203.1 | 181.9 | 175.6 | 276.6 | 1303.2 | 636.7 | 255.1 | 205.4 | 171.7 | 151.1 | 30.4 |
| 2001 | 184.5 | 160.1 | 148.4 | 290.9 | 598.4 | 324.5 | 176.7 | 223.7 | 177.6 | 115.6 | 21.2 |
| 2002 | 228.9 | 209.8 | 207.8 | 299.2 | 552.8 | 333.4 | 152.9 | 244.1 | 210.5 | 140 | 20.7 |
| 2003 | 282.3 | 283.9 | 280.7 | 287 | 512.2 | 356.2 | 241.2 | 158.1 | 287.6 | 128.9 | 28.2 |
| 2004 | 334.2 | 319.6 | 314.0 | 274 | 474 | 422 | 543.7 | 167 | 234.3 | — | 28.8 |
| 2005 | 314.5 | 277.1 | 269.1 | - | 420.6 | 422.3 | 470.7 | 97.9 | 362.6 | - | 40.7 |



**റബ്ബറിനിപ്പോൾ നല്ല വില ആണെന്നാണ് പൊതുധാരണ. എങ്കിലും, 1983 ലെ വിലയുടെ അടിസ്ഥാനത്തിൽ നോക്കിയാൽ ഇപ്പോഴത്തെ വില സൂചിക 363% മാത്രമാണെന്നു കാണാം. കൂലിയുടെയും ശമ്പളങ്ങളുടെയും വളർച്ചയനുസരിച്ചു നോക്കിയാൽ റബ്ബറിന്റെ വില 279x10.51=2932 രൂപ (കിലോയ്ക്ക്) ആയാൽ മാത്രമേ റബ്ബർ കർഷകർക്ക് 1983 ലെ വരുമാനനിലവാരം ഉണ്ടാകൂ.**

ഒന്നുകിൽ തേങ്ങയുടെ വില ആയിരത്തിന് 17,383 രൂപയാക്കണം; അല്ലെങ്കിൽ രണ്ടാം ഗ്രേഡ് അസിസ്റ്റന്റിന്റെ ശമ്പളം 3.15x798=2513 രൂപ മാത്രമാകത്തക്കവണ്ണമേ മറ്റു മേഖലകളിലെ ശമ്പളവർദ്ധന അനുവദിക്കാവൂ.

നെല്ലിന്റെ വിലസൂചിക, പട്ടികപ്രകാരം, 274% ആണ്. മേൽസൂചിപ്പിച്ച താരതമ്യം അനുസരിച്ച് നെല്ലിന്റെ വില ക്വിന്റലിന് 2669 രൂപയായാൽ മാത്രമേ നെൽകർഷകനു നീതി ലഭിക്കൂ.

കുരുമുളകു വിലയുടെ ഗതി വിചിത്രമാണ്. 1997-2000 കാലഘട്ടത്തിൽ അത് 1983ലെ വിലയുടെ 10-13 ഇരട്ടിയായി. പക്ഷേ പിന്നീടതു തകർന്നു. ഇപ്പോഴത്തെ സൂചിക 420% ആണ്.

അടയ്ക്കയുടെ വിലയും കടുത്ത വ്യതിയാനങ്ങൾക്കു വിധേയമായിട്ടുണ്ട്. 1999 ൽ അത് 908% വരെ ഉയർന്നെങ്കിലും ഇപ്പോൾ 422% ത്തിലാണ് എത്തിനിൽക്കുന്നത്.

വിലത്തകർച്ച കഠിനമായി ബാധിച്ച ഒരു വിളവാണ് ഏലം. ഇതിന്റെ വില സൂചിക 2005 ൽ 97.9% ത്തിലേയ്ക്കാണ് കൂപ്പുകുത്തിയിരിക്കുന്നത്. ഏലക്കൃഷിക്കാർക്കു നീതി കിട്ടണമെങ്കിൽ അതിന്റെ വില കിലോയ്ക്ക് 2932 രൂപ ആകേണ്ടിയിരിക്കുന്നു!

റബ്ബറിനിപ്പോൾ 'നല്ല' വില ആണെന്നാണ് പൊതുധാരണ. എങ്കിലും, 1983 ലെ വിലയുടെ അടിസ്ഥാനത്തിൽ നോക്കിയാൽ ഇപ്പോഴത്തെ വില സൂചിക 363% മാത്രമാണെന്നു കാണാം. കൂലിയുടെയും ശമ്പളങ്ങളുടെയും വളർച്ചയനുസരിച്ചു നോക്കിയാൽ റബ്ബറിന്റെ വില 279x10.51=2932 രൂപ (കിലോയ്ക്ക്) ആയാൽ മാത്രമേ റബ്ബർ കർഷകർക്ക് 1983 ലെ വരുമാനനിലവാരം ഉണ്ടാകൂ.

ചായ-കാപ്പി വിലകൾ 1995 മുതൽക്കു മാത്രമേ ശേഖരിക്കാൻ കഴിഞ്ഞുള്ളൂ. അതുകൊണ്ട് 1995 ആണ് അവയുടെ അടിസ്ഥാനവർഷമായി കണക്കാക്കിയത്. അതനുസരിച്ച് തേയിലയുടെ വിലസൂചിക 2005 ൽ 128.9%,. കാപ്പിയുടേത് 40.74 ശതമാനവും. പഠനവിധേയമായ എല്ലാ വിളകളിലും വച്ച് കാപ്പിയുടെ കാര്യമാണ് ഏറ്റവും കഷ്ടം.

താരതമ്യത്തിനുവേണ്ടി, ഒരു രണ്ടാം ഗ്രേഡ് അസിസ്റ്റന്റിന്റെ 1995 ലെ മൊത്തം വരുമാനം (ശമ്പളം+ഡി.എ) നോക്കാം. അത് 2832 രൂപ ആയിരുന്നു. 2005 ൽ 8390 രൂപ. സൂചകം 296%. അതായത് കാപ്പി കർഷകർക്കു നീതി ലഭിക്കണമെങ്കിൽ അവർക്ക് കിലോയ്ക്ക് 2.96x115=340 രൂപ കിട്ടണം. ഇപ്പോഴത്തെ വില 47 രൂപ.

### കർഷകന്റെ ദുരവസ്ഥ

അധ്വാനികളും സംഘർഷവിധേയരുമായ നമ്മുടെ കർഷക സമൂഹം ജീവിക്കുന്നത് കർഷകത്തൊഴിലാളികളും സർക്കാരുദ്യോഗസ്ഥരും സ്വകാര്യകമ്പനി തൊഴിലാളികളും പ്രവാസി കുടുംബങ്ങളും ഒക്കെയടങ്ങുന്ന പൊതുസമൂഹത്തിന്റെ ഭാഗമായിട്ടാണ്. അവർക്കു ചുറ്റും കാണുന്ന ഉപഭോഗസംസ്കാരം അവരെയും ബാധിക്കുന്നു. തങ്ങൾക്കൊപ്പം സാമൂഹ്യപദവിയുണ്ടായിരുന്ന മറ്റുള്ളവർ അനുഭവിക്കുന്ന സുഖസൗകര്യങ്ങൾ നേടാൻ തങ്ങളുടെ ഉല്പന്നങ്ങൾക്കു കിട്ടുന്ന താരതമ്യേന കുറഞ്ഞ വില അവരെ അനുവദിക്കുന്നില്ല. കൃഷിക്കു വേണ്ട അനുബന്ധഘടകങ്ങളുടെ വിലക്കയറ്റവും കൂലിക്കൂടുതലും അവരെ ശാസ്ത്രീയമായി കൃഷി പരിഷ്കരണത്തിൽ നിന്നു പിന്തിരിപ്പിക്കുന്നു. ഇത് കൃഷിയുടെ ഉല്പാദനക്ഷമതയും കുറയാനിടയാക്കുന്നു. ഇത് വീണ്ടും അവരുടെ വാങ്ങൽ ശേഷി ചുരുക്കുന്നു. സർവ്വസാധാരണമായി മാറിക്കൊണ്ടിരിക്കുന്ന ടിവി, ഫ്രിഡ്ജ്, ഇരുചക്രവാഹനങ്ങൾ, സെൽഫോണുകൾ മുതലായവ മാത്രമല്ല, കുട്ടികളുടെ വിദ്യാഭ്യാസവും അവശ്യ ചികിത്സയും പോലും അവർക്കപ്രാപ്യമാകുന്നു. അവർ കടക്കെണിയിലേക്കും കഠിനമായ ആത്മസംഘർഷത്തിലേക്കും തള്ളിവിടപ്പെടുന്നു.

ഈ പ്രതിഭാസത്തിന്റെ ഗുരുതരമായ ഒരു പ്രത്യാഘാതം ഒരുപാടുകർഷകർ കൃഷിനിർത്തുന്നതിനും മറ്റ് ഉപജീവനമാർഗങ്ങൾ തേടുന്നതിനും നിർബന്ധിതരാകുന്നു എന്നതാണ്. കേരളത്തിലെ നെൽപ്പാടങ്ങളുടെ വിസ്തൃതി വർഷം പ്രതി കുറഞ്ഞുവരുന്നതായി പഠനങ്ങൾ കാണിക്കുന്നു. ഓരോ വർഷത്തെയും കുറവ് ശരാശരി 22615 ഹെക്ടർ ആണെന്നു കാണുന്നു. ഇത് നമ്മുടെ അരിയുല്പാദനം കുറയുന്നതിനും ഭക്ഷ്യസുരക്ഷയെ ബാധിക്കുന്നതിനും ഇടയാക്കുന്നു.

നമ്മുടെ കാർഷിക വിളകൾക്ക് ന്യായമായ വിലനിലവാരം ഉറപ്പുവരുത്തേണ്ടത് അടിയന്തിരാവശ്യമാണെന്ന് ഈ പഠനം തെളിയിക്കുന്നു. 1983 ലെ വിലകളുടെ 10.51 ഇരട്ടിയില്ലെങ്കിലും ആനുപാതികമായി തൃപ്തികരമായ വിലനിലവാരം ഉണ്ടാകേണ്ടത് കൃഷിയുടെയും കൃഷിക്കാരുടെയും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. ■

*സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, കേരള സർവകലാശാല*